കൊപ്രാ ഡ്രയറുകൾ വാറ്റ് നിയമത്തിൽ നിന്നും ഒഴിവാക്കാൻ നടപടി

13 [1843] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈകൊണ്ട് പ്രവർത്തിക്കുന്ന കൊപ്രാ ഡ്രയറുകൾ വാറ്റ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടോ;

(ബി) ഇപ്രകാരം വന്നിട്ടുള്ളതുകാരണം ഡ്രയറിന് വിലകൂടുകയും ഉപഭോക്താക്കൾക്ക് അധികബാധ്യത നൽകേണ്ടി വരുന്നതുമായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കൊപ്രാ ഡ്രയറുകളെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധമായി ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള മൂല്യവർദ്ധിത നികുതി നിയമത്തിൽ കൈകൊണ്ട് പ്രവർത്തിക്കുന്ന ഡ്രയറുകൾ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. കൂടാതെ ഈ ഡ്രയറുകൾ മെഷീനറികളുടെ പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ 12.5% മാണ് നികുതി നിരക്ക്. എന്നാൽ ഉന്നതാധികാര കമ്മിറ്റിയുടെ തീരുമാനപ്രകാരം ക്യാപ്പിറ്റൽ ഗുഡ്സ് ഉൾപ്പെടെയുള്ള എല്ലാ മെഷീനറികളും 4% നിരക്കിൽ ഉൾക്കൊള്ളിച്ച് മൂല്യവർദ്ധിത നികുതി നിയമം പട്ടിക മൂന്ന് ക്രമനമ്പർ 83-ൽ ഉപഇനം (സി) ആയി പട്ടിക ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) ഉപഭോക്താക്കൾക്ക് അധികബാധ്യത നൽകേണ്ടി വരുന്നതു കാരണം ഡ്രയറുകളുടെ നികുതി നിരക്ക് 4% ആയി ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly